

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മൂടാടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി
P7/1621/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 15/12/2023
ഇ-മെയിൽ:
dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂടാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൂടാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂടാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി തീയ്യതി: 15/12/2023
P7/1621/23

കോഴിക്കോട് ജില്ലയിലെ മൂടാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മൂടാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2022 മുതൽ 11-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ്	ഡെപ്യൂട്ടി ഡയറക്ടർ	12-10-2023	20-10-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
12-10-2023	20-10-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.പ്രസീത കുമാരി.എം, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഷൈന. എ.കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീജിത്. കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.റെൻസി.ഇ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. സി.കെ. ശ്രീകുമാർ	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ. ഗിരീഷ്. എം	സെക്രട്ടറി	01-04-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ഗിരീഷ് കുമാർ. ടി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	31-03-2023

ശ്രീ. ശ്രീനാഥ്. എ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	31-03-2023
ഡോ. ജീന എലിസബത്ത് തോമസ്	മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)	01-04-2022	31-03-2023
ഡോ. ആയിഷ. എൻ.സി	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2022	13-04-2022
ഡോ. പ്രബിത. വി.പി	മെഡിക്കൽ ഓഫീസർ (ആയുർവേദ)	14-04-2022	31-03-2023
ഡോ. ഷമീക. സി.കെ	മെഡിക്കൽ ഓഫീസർ (ആയുർവേദ)	01-04-2022	31-03-2023
ഡോ. പ്രസീന പൌലോസ്	വെറ്റിനറി സർജൻ	01-04-2022	31-03-2023
ശ്രീ. നൌഷാദ്. കെ.വി	കൃഷി ഓഫീസർ	01-04-2022	27-02-2023
ശ്രീമതി. അമൃത ബാബു	കൃഷി ഓഫീസർ	28-02-2023	31-03-2023
ശ്രീ. ജയപ്രകാശ്. ഇ.കെ	ഫിഷറീസ് ഓഫീസർ	01-04-2022	31-03-2023
ശ്രീ. ബൈജു. പി.പി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	17-01-2023
ശ്രീ. കപിൽദേവ്. പി.സി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഇൻ ചാർജ്ജ്)	18-01-2023	03-03-2023
ശ്രീമതി. ജുബിത	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	04-03-2023	31-03-2023

ശ്രീ. കപിൽദേവ്. പി.സി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	31-03-2023
ശ്രീമതി. സൌദ. എൻ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2022	31-03-2023
ശ്രീ അക്ബർ ഷെരീഫ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	02-04-2022
ശ്രീമതി അഞ്ജന എം.എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	03-04-2022	21-10-2022
ശ്രീമതി അമ്പിളി എൻ.കെ	ഡയറി ഫാം ഇൻസ്ട്രക്ടർ	22-10-2022	02-12-2022
ശ്രീമതി അഞ്ജന എം.എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	03-12-2022	31-03-2023

ഉള്ളടക്കം

ക്രമനം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അനുബന്ധ രേഖകളുടെ അഭാവം	1-1-1
3	മുന്നിരിപ്പിലെ അപാകതകൾ	1-1-2
4	തെറ്റായ ശീർഷകങ്ങളിൽ വരവ് ബുക്ക് ചെയ്യുന്നു.	1-1-3
5	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന് ആധികാരികത ഇല്ല	1-1-4
6	കാലഹരണപ്പെട്ട ചെക്കുകൾ ക്രമീകരിച്ചില്ല.	1-1-5
7	ഡിമാന്റുകൾ യഥാസമയം രേഖപ്പെടുത്തുന്നില്ല.	1-1-6
8	തെറ്റായ നിരക്കുകളിൽ തേയ്മാന മൂല്യം കണക്കാക്കുന്നു.	1-1-7
9	ആസ്തികൾ തെറ്റായി രേഖപ്പെടുത്തുന്നു.	1-1-8
10	ആസ്തി വിശദാംശങ്ങൾ ലഭ്യമല്ല	1-1-9
11	ആസ്തി മൂല്യം ഉൾപ്പെടുത്തിയില്ല.	1-1-10
12	ബാധ്യതാ തുക B 17 നുമായി പൊരുത്തപ്പെടുന്നില്ല.	1-1-11
13	ബജറ്റ്	1-2
14	സാമ്പത്തിക വിശകലനം(രസീത് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മന്റ് പ്രകാരം)	1-3
15	ഫണ്ട് വിനിയോഗം (ACR പ്രകാരം)	1-4
16	പദ്ധതി അവലോകനം	1-5
17	ആഭ്യന്തര നിയന്ത്രണം	1-6
18	ക്യാഷ് ബാലൻസ് പരിശോധന	1-7
19	ക്ഷേമ പദ്ധതികൾ	1-8
20	ടാക്സ് ഓഡിറ്റ്	1-9
21	തൊഴിൽ നികുതി അപാകതകൾ	1-10
22	വിസ്തീർണ്ണത്തിനനുസൃതമായി വസതുനികുതി ഈടാക്കിയില്ല	1-11
23	വസ്തു നികുതി - എം.എസ്.എം.ഇ കളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്	1-12
24	രസീതി പിരിവിലെ അപാകതകൾ	1-13

25	വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മുൻകൂറുകൾ ക്രമപ്പെടുത്തുന്നു.	1-14
26	യാത്രാ ബത്ത- കാലഹരണപ്പെട്ട ക്ലെയിമുകൾ അനുവദിച്ചു.	1-15
27	മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ - അവലോകനം	1-16
28	കരാറുകാർ സമയബന്ധിതമായി പ്രവൃത്തി നടപ്പിലാക്കാത്തതിനാൽ പഞ്ചായത്തിന് ജി. എസ്. ടി. ഇനത്തിൽ അധിക ചെലവ്	1-17
29	പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിന് കരാറുകാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല	1-18
30	ഹരിതകർമ്മ സേനക്ക് പുതിയ വാഹനം - പ്രവർത്തന രഹിതം	1-19
31	ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് - ലഭ്യമാകാത്തതും മറ്റു അപാകതകളും	1-20
32	മൂടാടി ഗ്രാമ പഞ്ചായത്ത് ജി.ഐ.എസ് സർവ്വെ -പദ്ധതി നടത്തിപ്പിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല	1-21
33	നിർമ്മാണം പൂർത്തിയാക്കിയ നന്തി കുടിവെള്ള പദ്ധതി പ്രവർത്തിക്കുന്നില്ല	1-22
34	ബയോഫ്ലോക്ക് മത്സ്യകൃഷി- മോണിറ്ററിംഗിലെ അപാകതകൾ	1-23
35	ക്ഷീര വികസന മേഖലയിലെ പദ്ധതികൾ ആസൂത്രണ-നിർവ്വഹണ ഘട്ടത്തിലെ അപാകതകൾ.	1-24
36	മനോളിക്കുന്ന് കുടിവെള്ള പദ്ധതി - പമ്പ് സെറ്റ് വാങ്ങിയതിലെ അപാകതകൾ	1-25
37	ഡി.പി.സി. സെക്രട്ടറിയേറ്റ് - രണ്ടാം ഘട്ട നിർമ്മാണത്തിന് വിഹിതം - വിനിയോഗ വിവരം ഇല്ല	1-26
38	സബ്സിഡി മാനദണ്ഡങ്ങൾ പരിഗണിക്കാതെ കാഴ്ചപരിമിതിയുള്ളവർക്ക് കമ്പ്യൂട്ടർ വാങ്ങി	1-27
39	ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം പദ്ധതി നടപ്പിലാക്കിയില്ല	1-28
40	ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത സ്ഥലത്ത് പദ്ധതി നിർവ്വഹണം നടത്തി	1-29

41	കോൺക്രീറ്റ് പേവിംഗ് - ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തിയിൽ ഫോം വർക്കിന് തുക ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ്	1-30
42	ജൽ ജീവൻ പദ്ധതിക്ക് വേണ്ടി പൊളിച്ചുമാറ്റിയ റോഡുകൾ പുനസ്ഥാപിക്കുന്നതിൽ വീഴ്ച	1-31
43	കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കൽ പദ്ധതി -ഇൻസ്റ്റലേഷൻ ചാർജായി റെയ്ഡ്കോയ്ക്ക് അധിക തുക അനുവദിക്കുന്നു	1-32
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	കരാറുകാർ സമയബന്ധിതമായി പ്രവർത്തി നടപ്പിലാക്കാത്തതിനാൽ പഞ്ചായത്തിന് ജി. എസ്. ടി. ഇനത്തിൽ അധിക ചെലവ്	3-1
2	പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിന് കരാറുകാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല	3-2
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ് ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10

11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4 ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് എ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർ നിർദ്ദേശങ്ങളും അനുസരിച്ച് പഞ്ചായത്ത് ഭരണസമിതിയുടെ 23.0 തീരുമാനം പ്രകാരം തയ്യാറാക്കി 26.06.2023 ന് പിന്തുണയ്ക്കു സമർപ്പിക്കപ്പെട്ടിട്ടുള്ള മൂടാടി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.23 തീയതി വരെയുള്ള ബാലൻസ് സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗ പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുക പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം..

Ii. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മ അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയ പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പില മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തി തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുക ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ട എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്ത വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്ര അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വി അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെ അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമ സാക്ഷ്യപ്പെടുത്തുന്നു.

. വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്
വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണ
മൂടാടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാ
പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തി
സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-1 അനുബന്ധ രേഖകളുടെ അഭാവം

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2)
അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹാ
വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളി
തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പി
പാലിക്കാതെയും അക്കൗണ്ട് മാനുവൽ പ്രകാരം നിബന്ധന ചെയ്ത സാമ്പ
2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 62(3) പ്ര
താരതമ്യ തുകകൾ എന്നിവ ഉൾകൊള്ളിക്കാതെയുമാണ്
സമർപ്പിച്ചിട്ടുള്ളത്. മേൽ അപാകതകളും മറ്റ് അപാകതകളും മുൻ
റിപ്പോർട്ടിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടും അ
ആവർത്തിക്കപ്പെടുകയോ പരിഹരിക്കാതെ തുടരുകയോ ചെയ്തിട്ടുണ്ട്.

1-1-2 മുന്നിരിപ്പിലെ അപാകതകൾ

ട്രയൽ ബാലൻസിലെ അക്കൗണ്ട് ശീർഷകങ്ങളിലെ മുന്നിരിപ്പ് തു
ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പ് തുകകളുമായി പൊരു
ഉദാഹരണങ്ങൾ ചുവടെ ചേർത്ത പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന

അക്കൗണ്ട് കോഡ്, ശീർഷകം	21-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ്.	22-23 ട്രയൽ ബാലൻസ് പ്രകാരമുള്ള മുന്നിരിപ്പ് തുക
311100101, Panchayat'S Distress Relief Fund	106216	756
320100128, Mahatma Gandhi National Rural Employment	23269	4639

Guarantee Scheme		
320100196, Integrated Child Developement Scheme	143381	0
320100197, Literacy Scheme Grant	7350	7039

1-1-3 തെറ്റായ ശീർഷകങ്ങളിൽ വരവ് ബുക്ക് ചെയ്യുന്നു.

വരവുകൾ തെറ്റായ ശീർഷകങ്ങളിൽ ബുക്ക് ചെയ്യുന്നു. ആയത് ജേ
ക്രമപ്പെടുത്തുന്നതിലും വീഴ്ചയുണ്ടായി. ഉദാഹരണങ്ങൾ ചുവടെ ചേർക്

. കാലഹരണപ്പെട്ട ആസ്തികൾ വിൽപന നടത്തിയ ഇനത്തിൽ (പഴയ
141000 രൂപയിൽ 94000 രൂപ Auction Of Obsolete Assets എന്ന വരവ് ശീർ
ബുക്ക് ചെയ്തിട്ടുണ്ടെങ്കിലും 47000 രൂപ Sale Of Scrap എന്ന ശീർഷ
കണക്കിൽ ബുക്ക് ചെയ്തിട്ടുള്ളത്.

. CGST, SGST എന്ന ശീർഷകത്തിൽ വരവ് ലഭിച്ച 25380
രേഖപ്പെടുത്തുന്നതിന് പകരം Auctions-Collection Against Accrual എന്ന ശീ
ചെയ്തിട്ടുള്ളത്.

1-1-4 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന് ആധികാരികത ഇല്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance
6821767 രൂപയും ഇതേ പത്രികയിലെ Operating, Investing, Financing Activity എ
ആകെ തുകയായ 8137540 രൂപയും തമ്മിൽ പൊരുത്തപ്പെടാത്തതി
കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

1-1-5 കാലഹരണപ്പെട്ട ചെക്കുകൾ ക്രമീകരിച്ചില്ല.

സ്ഥാപനം ഇഷ്യൂ ചെയ്ത് മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത
ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ബാങ്ക്	ചെക്ക് നം/ത
മൂടാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	114772/06.08.2
	114777/08.08.2

1-1-6 ഡിമാന്റുകൾ യഥാസമയം രേഖപ്പെടുത്തുന്നില്ല.

ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രികൾ രേ
വരുത്തി. ഉദാ- വസ്തുനികുതി ലഡ്ജർ പരിശോധിച്ചതിൽ (110100101 |
Buildings) വർഷത്തിൽ നാല് തവണ മാത്രമെ ഡിമാന്റ് എൻട്രികൾ
രേഖപ്പെടുത്തിയിട്ടുള്ളൂ എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ആദ്യത്തെ
വരുത്തിയത് 08-12-2022 തിയ്യതിയിൽ മാത്രമാണ്.

1-1-7 തെറ്റായ നിരക്കുകളിൽ തേയ്മാന മൂല്യം കണക്കാക്കുന്ന

തെറ്റായ നിരക്കുകളിൽ തേയ്മാന മൂല്യം കണക്കാക്കുന്നു. ഉ
ചേർക്കുന്നു.

. ആസ്തി ശീർഷകങ്ങളിൽ റോഡിന്റെ മൂല്യം New Roads, Mettalle
ശീർഷകങ്ങളിലായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 16.67 % സ
ദൈർഘ്യം-6 വർഷം) ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുള്ളത്.
റോഡുകളുടെ ആയുർദൈർഘ്യം 10 വർഷമാണ്. അത്തരം
ശീർഷകത്തിൽ രേഖപ്പെടുത്തി 10% നിരക്കിൽ
കണക്കാക്കേണ്ടിയിരുന്നു.

1-1-8 ആസ്തികൾ തെറ്റായി രേഖപ്പെടുത്തുന്നു.

ആസ്തികൾ തെറ്റായി രേഖപ്പെടുത്തുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർ

. 415110802 -Bus Stand-Bus Stand എന്ന ശീർഷകത്തിൽ 332,549 രൂപയും 413
For Thermal Usage എന്ന ശീർഷകത്തിൽ 28,350 രൂപയും ആസ്തിമൂ
രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ആസ്തികൾ
ഉടമസ്ഥതയിലില്ല.

1-1-9 ആസ്തി വിശദാംശങ്ങൾ ലഭ്യമല്ല

Other Fixed Assets (കോഡ് 410800101) എന്ന ശീർഷകത്തിൽ 6931618 രൂ
രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റി

1-1-10 ആസ്തി മൂല്യം ഉൾപ്പെടുത്തിയില്ല.

സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ ആസ്തി മൂല്യം
ഉൾപ്പെടുത്തിയിട്ടില്ല. വികസന ഫണ്ട് ചെലവ് വിവരങ്ങൾ
വികസനഫണ്ട്- ജനറൽ, എസ്.സി.പി എന്നിവയുടെ ചെലവ് തുക എ.
എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾക്ക് പട്ടിക കാണ

ഇനം	ജനറൽ	വികസന ഫണ്ട് – എസ്.സി.പി

എ.സി.ആർ പ്രകാരമുള്ള ചെലവ്	28550299	4504915
എ.എഫ്.എസ് പ്രകാരമുള്ള ചെലവ്	28514110	4951515

1-1-11 ബാധ്യതാ തുക B 17 നുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് ബി4 പട്ടിക പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ഇനങ്ങളിൽ യഥാക്രമം 1,391,572/-, 8,401,057/-രൂപയാണ്. എന്നാൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയത് 9,983,436 രൂപയാണ് പലിശ ഇന ബന്ധപ്പെട്ട ശീർഷകത്തിലേക്ക് ജേണൽ എൻട്രി വരുത്തിയിട്ടില്ല.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022 -23 വർഷത്തെ ബജറ്റ് 22/03/2022 ലെ 1/1 അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം(രസീത് ആന്റ് പേയ്മെന്റ് സ്റ്റേ

മുന്നിരിപ്പ്	27234623
വരവ്	49450570
ആകെ	76685193
ചെലവ്	42628803
നീക്കിയിരിപ്പ്	34056390

.

1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്	ആകെ	ചെ
വികസന ഫണ്ട് -ജനറൽ	0	30319569+ 2274431= 32594000	30319569+ 2274431= 32594000	28514
വികസന ഫണ്ട്- എസ്.സി.പി	0	4504915+897085= 5402000	4504915+897085= 5402000	49515
മെയിന്റനൻസ്,	0	10803000	10803000	78649

റോഡ് (ACR പ്രകാരം)				
മെയിന്റനൻസ്, നോൺ-റോഡ്(ACR പ്രകാരം)	0	5940000	5940000	56788
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Grant) Bank	1001912	3381088	4383000	43617
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Grant) Treasury	787065	0	787065	58329
സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്(Tied Grant) Bank	2373353	4201647	6575000	42109
സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്(Tied Grant) Treasury	2949378	0	2949378	11602

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയ
ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം	നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം	പദ്ധതി അടങ്കൽ	ചെ
സെക്രട്ടറി	38	30	10224798	7886
അസിസ്റ്റന്റ് സെക്രട്ടറി	7	6	2137600	1495
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	7	7	7602883	6396
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	10	10	4218640	3857
മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	3	3	860000	8600
മെഡിക്കൽ ഓഫീസർ (ഹോമിയോ)	1	1	200000	2000
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	25	22	123909926	1679
കൃഷി ഓഫീസർ	10	10	4286652	4286
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	3	3	4592950	1760

വെറ്ററിനറി സർജൻ	8	8	1179726	8672
സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	8	8	2909951	1580
ഹെഡ്മാസ്റ്റർ	1	1	100000	1000
അസിസ്റ്റന്റ് എഞ്ചിനീയർ	98	61	40699845	2152
ആകെ	219	170	202922971	6760

വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 5766172/- രൂപയുടെ പ്രസ്തുത ഫണ്ടിനത്തിൽ 4416972/- രൂപയുടെ ചെലവ് നടത്തിയിട്ടുണ്ട് തൊഴിൽസംരംഭ യൂണിറ്റുകളാണ് പദ്ധതിയിൽ ആവിഷ്കരിച്ച് നടപ്പിലാ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ചെയ്തത്. ഇതിൽ ഉൾപ്പെടുത്തി ചെയ്യേണ്ട 6 പദ്ധതികൾക്ക് കൂടി തുക വക ചെലവഴിക്കുകയും ചെയ്തു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	പ്രോജക്ട് നമ്പർ/ പേര്	നിർവ്വഹണ ഉദ്യോഗസ്ഥൻ	പദ്ധതി അടങ്കൽ	ചെ
1	106/23 (സുഭിക്ഷ കേരളം ബയോ ഫ്ലോക്ക് മത്സ്യകൃഷി – വനിത)	ഫിഷറീസ് സബ് ഇൻസ്പെക്ടർ	711600	104
2	117/23 (മുറ്റത്തൊരു മീൻതോട്ടം)	ഫിഷറീസ് സബ് ഇൻസ്പെക്ടർ	80000	780
3	121/23(പച്ചക്കറി കൃഷി മൺചട്ടിയിൽ -വനിത))	കൃഷി ഓഫീസർ	612000	612
4	123/23 (ഇടവിളക്കിറ്റ് വിതരണം വനിത)	കൃഷി ഓഫീസർ	540372	540

5	135/23 (ആട് വിതരണം-വനിത)	വെറ്ററിനറി സർജൻ	100000	100
6	141/23 (കോഴി വിതരണം -വനിത	വെറ്ററിനറി സർജൻ	60000	600

ഡി.പി.സി. അംഗീകാരം ലഭിച്ച 219 പ്രൊജക്ടുകളിൽ 170 പ നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 202922971/- രൂപ വകയി രൂപ (33.3%) മാത്രമാണ് പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 37952 നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

1-6 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം വള ഏർപ്പെടുത്തിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ വഴി ഓരോ ജീവനക്കാ വിഭജനം സെക്രട്ടറി നടത്തിയിട്ടുണ്ട്. മാലിന്യസംസ്കരണവുമായ ലംഘനങ്ങൾ കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുന്നതിനും "എ ഉത്തരവാദിത്തം" എന്ന അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടത്തുന്നതിന് ഒരു പരാതി പരിഹാര സെ അതിന് ഒരു ചാർജ് ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ക ഒരു ദുരന്ത നിവാരണസേന രൂപീകരിക്കുകയും 2022-2 പുനസംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ പഞ്ചായത്തിന്റെ അവസ്ഥാരേഖ പരിശോധിച്ചതിൽ (2 മത്സ്യബന്ധനം, വിദ്യാഭ്യാസം, പട്ടികജാതി വികസനം തുടങ്ങിയ മേ വിവരങ്ങളോ, നിലവിലെ അവസ്ഥകളോ ഉൾക്കൊള്ളിച്ചിട്ടില്ല. ഉൾപ്പെടുത്തിയവയിൽ തന്നെ വിവരങ്ങളൊന്നും പൂർണ്ണമല്ല. സ്റ്റേ വിതരണത്തിന്റെയും രേഖപ്പെടുത്തലുകൾ ശരിയായി എഴു സാധനങ്ങൾ ലഭിക്കുമ്പോൾ തന്നെ വിശദവിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും വിതരണം ചെയ്യുന്ന ഓരോ ദിവസത്തേയും നീക്കിയിരിപ്പ് സ്റ്റോക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.

1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാര പരിശോധന 12.10.2023 ന് 12.10 Pm മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥ

നടത്തുകയുണ്ടായി. പരിശോധനയിൽ 2,013/- രൂപ ക്യാഷ് ബാ
ബോധ്യപ്പെട്ടു.

1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതി
താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോ
കർഷകത്തൊഴിലാളി പെൻഷൻ	5258800	
വിധവാ പെൻഷൻ	13445800	
വാർദ്ധക്യകാല പെൻഷൻ	22210000	
വികലാംഗ പെൻഷൻ	4161800	
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	543200	
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	60000	

1-9 ടാക്സ് ഓഡിറ്റ്

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതി നടപടികൾ

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനസ്രോതസ്സുകൾ പൂർണ്ണ
പുതിയവ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ തനത്
വിപുലീകരിക്കാവുന്നതാണ്. മൂടാടി ഗ്രാമപഞ്ചായത്തിലെ വരവിനെ
ഓഡിറ്റ് നിരീക്ഷണങ്ങളും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള
ചേർക്കുന്നു.

വസ്തുനികുതി വരവ്

2011 ലെ വസ്തുനികുതി ചട്ടപ്രകാരം 5 വർഷം കൂടുമ്പോൾ നിയ
വർദ്ധിപ്പിക്കാവുന്നതാണ്. 22.03.2023 ലെ സർക്കാർ ഉത്തരവ് (
എൽ.എസ്.ജി.ഡി പ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെ
നിശ്ചയിക്കുന്നതിനും കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ
ചേർക്കുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 16.05.2023 ലെ
തീരുമാനപ്രകാരം 01/04/2023 തിയ്യതി മുതൽ അഞ്ച് വർഷ കാ
ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മൂന്ന് മേഖലകളായി തരം തിരിക്കുന്നു
വിവിധ വിനിയോഗ ഗണങ്ങളിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ അട

01.04.2023 മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധത്തിലും അടിസ്ഥാനത്തിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ, വർഷത്തിലും 5 ശതമാനം എന്ന നിരക്കിൽ 2027/28 വർഷം വരെ ക്രമ ഉണ്ടാകുന്നതാണെന്നും പ്രസ്തുത നിരക്കുകൾ അന്തിമമായി നിശ്ച ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമോ അഭിപ്രായമോ ഉള്ളപ തീയതി മുതൽ 30 ദിവസത്തിനകം ഓഫീസിൽ രേഖാമൂലം അറി അറിയിച്ചുകൊണ്ട് പൊതുജനങ്ങളുടെ അറിവിനും ആക്ഷേപങ്ങൾ സ ദിനപത്രത്തിൽ പരസ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ശേഷം ആക്ഷേ കാലാവധിക്കുള്ളിൽ യാതൊരുവിധ ആക്ഷേപങ്ങളും ലഭിച്ചി കാലയളവിൽ ഈടാക്കുന്ന നിരക്ക് സംബന്ധിച്ചും മേഖല വിഭജനം സ തിരിവ് സംബന്ധിച്ചുമുള്ള കരട് വിജ്ഞാപനങ്ങൾ പഞ്ചായത്ത് (എസ്.സി3-3688/2023 തീയതി.27/09/2023) ചെയ്തിട്ടുണ്ട്. നിലവിൽ പ സോഫ്റ്റ്വെയർ അപ്ഡേഷൻ നടത്തിയിട്ടുണ്ട്. 2011 ലെ കേ (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങ മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള സൂക്ഷിച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117 തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെ മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗ നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ നിർദ്ദേശം പഞ്ചായത്ത്

നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്ത കാര്യക്ഷമമാക്കുന്നതിന് ഇൻഫർമേഷൻ ടെക്നോളജിയു ഉപയോഗപ്പെടുത്തി പഞ്ചായത്തിലെ ആസ്തികളുടേയും അസസ്മെ കെട്ടിടങ്ങളുടേയും ഡാറ്റാബേസ് ഉപഗ്രഹ സഹായത്തോടെ പഞ്ചായത്തിനെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ശേഖരിക്കുന മാപ്പിംഗ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. നിലവിൽ 8-ാം വാർഡിന്റെ മ സോഫ്റ്റ്വെയർ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. വർദ്ധിപ്പിക്കുന്നതിനുതകുന്ന വിധത്തിലാണ് ഡാറ്റ കളക്ഷൻ നിലകളുടെ എണ്ണം, വിസ്തീർണ്ണം, തറ നിർമ്മിതിയുടെ ഇനം, എ.മ റോഡിന്റെ കൃത്യമായ വീതി, മേൽക്കൂരയുടെ ഇനം, കെട്ടിടത്തി വിസ്തീർണ്ണം, കെട്ടിടം ഉൾപ്പെടുന്ന മേഖല, കെട്ടിടത്തിന്റെ പ്ല താമസക്കാരുടെ എണ്ണം, വയസ്സ്, ജോലി, പെൻഷൻ ലഭിക്കുന്നുണ്ടോ ഡാറ്റകൾ ശേഖരിക്കുന്നുണ്ട്. (ഖണ്ഡിക 1-21 കാണുക).

വസ്തുനികുതി അടവാക്കുന്നതിൽ നിന്ന് കെട്ടിടങ്ങൾ ഒഴിഞ്ഞ് മറ്റേത് സ്ഥാപനങ്ങളിൽ നിന്നും ഒരു കെട്ടിടത്തെ സംബന്ധിച്ചുള്ള ഏ സേവനങ്ങൾ ലഭിക്കണമെങ്കിൽ പഞ്ചായത്തുകളിൽ ടി കെട്ട അടച്ചതിന്റെ രശീതി ഹാജരാക്കണം എന്നത് നിർബന്ധമാക്കാനു കാർഡ് മുതലായവയ്ക്ക് കെട്ടിട നമ്പർ നിർബന്ധമാക്കാനും സ്വീകരിക്കുന്നതിന് (ഉത്തരവ് പുറപ്പെടുവിക്കുന്നതിന്) ആവശ്യപ്പെടാവുന്നതാണ്. സാമ്പത്തിക വർഷാരംഭത്തിൽ സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ ഉത്തരവാദിത്തപ്പെട്ട ഉ നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച് സ ശുപാർശ വസ്തുനികുതി സമാഹരണം കാര്യക്ഷമമാക്കും എന്ന് ഓഡിറ്റ്

പെർമിറ്റ്

അനധികൃത നിർമ്മാണങ്ങളെ നിരീക്ഷിക്കുന്നതിന് സഹായ സ്ഥാപനത്തിൽ ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം ഒരുക്കേ പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ നടപടി സ്വീകരിച്ച്, നിർമ്മാണ പൂർത്തീകരണത്തിന് ശേ സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിന് സ്ഥാപനത്തിന് സാധിക്കേണ നിർമ്മാണ റിപ്പോർട്ട് സഞ്ചയയിൽ ലഭ്യമാണ്. പല കെട്ടിടങ്ങൾക്ക ബാധകമായ നികുതി സ്ഥാപനം ഈടാക്കി വരുന്നുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166(1), പട്ടിക 3, 235 എ പ്ര പരിധിയിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിയന്ത്രിക്കേണ്ട ചുമതലയാണ്. വകുപ്പ് 162 (എ) (Ii) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ കമ്മിറ്റിയാണ് കെട്ടിട നിർമ്മാണ നിയന്ത്രണ വിഷയങ്ങൾ കൈകാര അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യ ചുമതലപ്പെടുത്തേണ്ടതും നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ട നിർത്തിവെപ്പിക്കേണ്ടതും നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. അ സംബന്ധിച്ച് പഞ്ചായത്ത് കൈക്കൊണ്ട നടപടിക്രമങ്ങളുടെ വ അറിയിക്കേണ്ടതാണ്.

തൊഴിൽ നികുതി വരവ്

തൊഴിൽനികുതി സംബന്ധിച്ച അപാകത ഖണ്ഡിക 1-10 ൽ ചേർത്തി

വർഷം	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
2022-23	2978935	2978935	0

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാ
(സ്വയംതൊഴിലിൽ ഏർപ്പെട്ടവർ, അഭിഭാഷകർ, സ്വകാര്യ
പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് ന
എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, റേഷന
സ്വകാര്യ സ്കൂൾ/കോളേജുകൾ തുടങ്ങി തൊഴിൽനികുതി അടയ്ക്കാൻ
ഡാറ്റാ തൊഴിൽനികുതി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂ
സമ്പൂർണമാണോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല).

തൊഴിൽനികുതി ചട്ടം 14 എ പ്രകാരം എല്ലാ തൊഴിലുടമയും അ
പൊതു അല്ലെങ്കിൽ സ്വകാര്യ ഓഫീസ്, ഹോട്ടൽ, ബോർഡിംഗ് അല്ലെ
അല്ലെങ്കിൽ ക്ലബ്ബ് അല്ലെങ്കിൽ ഒരു സ്ഥാപനം അല്ലെങ്കിൽ
തൊഴിൽനികുതി പിരിക്കാൻ ബാധ്യസ്ഥരായ മറ്റേതെങ്കിലും വ്യക
സെക്രട്ടറിയോ മാനേജർമാരോ ഓൺലൈൻ വഴി സെക്രട്ടറിക്ക് അ
കൂടാതെ അതിന്റെ സ്ഥാപനത്തിന്റെയോ ഓഫീസിന്റെയോ ര
അപേക്ഷ ലഭിച്ചതിനും ശേഷം, സെക്രട്ടറി ഒരു ദിവസത്തിനുള്ളി
ചെയ്യുകയും ലോഗിൻ ഐഡിയും പാസ്വേഡും ഉൾപ്പെടെയുള്ള
നൽകുകയും നികുതിദായകന് തൊഴിൽനികുതി അടയ്ക്കുകയും
ഓഫീസിൽ ഓൺലൈൻ സംവിധാനം അവതരിപ്പിക്കുന്നത് വ
നിലവിലുള്ള മാനുവൽ സംവിധാനത്തിലൂടെ പണമടയ്ക്കാനും അത
പേയ്മെന്റ് സംവിധാനത്തിലേക്ക് മാറാനും കഴിയും.

ലൈസൻസ് വരവ്

വർഷം	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
2020-21	219200	219200	0
2021-22	241160	241160	0
2022-23	340500	340500	0

ലൈസൻസ് ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധ
റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ട്. 2020-21 മുതൽ 2022-23 വരെ
വർദ്ധനവ് വന്നിട്ടുണ്ട്. ലൈസൻസില്ലാതെ കെട്ടിടങ്ങൾ പ്രവർത്തി
ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്നതിലുപരി പൊതു
സ്വത്തിനും ആരോഗ്യത്തിനും അപകടം/അസഹ്യത ഒഴിവ
ഗ്രാമപഞ്ചായത്തിന്റെ വീഴ്ചയാണ്. പഞ്ചായത്തിന്റെ പരിധിയിൽ പ്ര
സ്ഥാപനങ്ങളും എഫ്.ടി.ഇ& ഒ.എസ്. ലൈസൻസ് എടുത്തു എന്ന് ഉ
ഭാഗമായി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നതിന് 30.07.2022 ന് ധനകാര്യ
തീരുമാനിക്കുകയും ആയതിന്റെ ഭാഗമായി ട്രേഡേഴ്സ് ലിസ്റ്റ്

ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന മുഴുവൻ സ്ഥാപന
എടുപ്പിക്കുന്നതിനായി ഫീൽഡ് ക്ലർക്കുമാരെ ഉപയോഗപ്പെ
സ്വീകരിച്ചതിന്റെ ഭാഗമായാണ് ലൈസൻസ് ഫീ വർദ്ധനവ് സാധ
Mapping വിജയകരമായി പൂർത്തിയാകുന്നതിലൂടെ ഈ ഇനത്തി
വരുന്നതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

വാടക / വിനോദനികുതി

പഞ്ചായത്തിൽ വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങളോ സ്ഥ
പഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻ
നീന്തൽക്കുളങ്ങൾ, കേബിൾ ടി.വി നെറ്റ്വർക്ക്, പ്രദർശന വിപണന
നിന്നും സിപ്പ്ലൈൻ, ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയുണ്ടെങ്കി
വിനോദനികുതി ഈടാക്കാവുന്നതാണ്.

രജിസ്ട്രേഷൻ ഫീസ്

1. 1999 ലെ കേരള പഞ്ചായത്ത് രാജ് ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ
പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ 200/- രൂപ രജിസ്ട്രേഷൻ ഫീസ
എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം
പുതുക്കേണ്ടതുമാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരം 2022-
ഇനത്തിൽ വരവൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചാ
മുഴുവൻ ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷ
ശ്രദ്ധിക്കേണ്ടതാണ്.

2. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം(വകുപ്പ് 269 മുതൽ 271 വ
പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ ആശുപത്രിക
സ്ഥാപനങ്ങളും 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ പ
പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേ
ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ RP4 പ്രകാരം 2022-2023 വർഷത്തി
രൂപയാണ് വരവ് വന്നിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവ
പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ
ശ്രദ്ധിക്കേണ്ടതാണ്.

പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാവ

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനിക
ചട്ടങ്ങളിലെ ചട്ടം 26(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിത
കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന
ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമ
കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തെ

ജലവിതരണം, തെരുവുവിളക്കുകളും ഡ്രെനേജും എന്നിവ സം
എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കു
ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റ
ഉപനികുതി നിരക്കുകൾ താഴെപ്പറയുന്ന നിരക്കുകളിൽ കുറവായിരി

(എ)	ശുചിത്വ പരിപാലനം (അതത് പ്രദേശത്തെ കെട്ടിടത്തിന്റെ പൊതുവായ ശുചിത്വ പരിപാലനത്തിനും ചപ്പു ചവറുകൾ, പക്ഷിമൃഗാദികളുടെ ജീർണ്ണ അവശിഷ്ടം, വിസർജ്യ വസ്തുക്കൾ തുടങ്ങിയ പരമാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനുമുള്ള ചെലവുകൾക്ക്)	കെട്ടിടത്ത വസ്തു നി യുടെ 4%
(ബി)	ജലവിതരണം (തെരുവുടാപ്പുകൾ ഉൾപ്പെടെയുള്ള ജലവിതരണ സംവിധാനങ്ങളുടെ ചെലവുകൾക്ക്)	കെട്ടിടത്ത വസ്തുനികു യുടെ 3%
(സി)	തെരുവുവിളക്കുകൾ (സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചെലവുകൾക്ക്)	കെട്ടിടത്ത വസ്തുനികു യുടെ 2%
(ഡി)	ഡ്രയിനേജ് (അഴുക്കു ചാൽ സംവിധാനം ഉൾപ്പെടെയുള്ള ചെലവുകൾക്ക്)	കെട്ടിടത്ത വസ്തുനികു യുടെ 1%

ഗ്രാമപഞ്ചായത്തിന്, ഏതെങ്കിലും പ്രദേശത്ത് ഏർപ്പെടുത്ത
പരാമർശിക്കുന്ന ഒരു സേവനം ആ പ്രദേശത്ത് സ്ഥിതിചെയ്യു
ലഭ്യമാക്കിയിട്ടില്ല എന്ന കാരണത്താൽ ആ കെട്ടിടത്തെ അതത് നേ
നിന്ന് ഒഴിവാക്കുന്നതാണ്. ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളു
വരുമാന വർദ്ധനവ് വരുത്തുന്നതിന് വസ്തുനികുതിയോടൊപ്പം ച
ഉപനികുതി ഈടാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് അറിയിക്കേ

**<u>കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സം
ചാർജ് ഈടാക്കാവുന്നതാണ്</u>**

പഞ്ചായത്തിന്റെ പരിധിയിൽ കേന്ദ്രസർക്കാരിന്റെ ഉടമസ്ഥ
ഉണ്ടെങ്കിൽ അത്തരം കെട്ടിടങ്ങളുടെ സംഗതിയിൽ 2011 ലെ
(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ
സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285-ാം അന
വസ്തുനികുതി ഉൾപ്പെടെയുള്ള നികുതികളിൽ നിന്നും ഒഴിവ
കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന് ശുചിത്വ പരിപ
തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി
പറഞ്ഞിട്ടുള്ള നിരക്കിൽ സർക്കാർ ഇതിലേക്കായി
മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും സർവ്വീസ് ചാർജ്ജ് ഈടാക്കാവു

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഓഡിറ്റ് വർഷത്തിൽ 28 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം ഉറപ്പ് വരു
സെക്ഷനുകളിലും തീർപ്പാക്കാൻ അവശേഷിക്കുന്ന മുഴുവൻ ഫയല
സംബന്ധിച്ച്, ഫ്രണ്ട് ഓഫീസ് പ്രവർത്തനം, പഞ്ചായത്ത
വർദ്ധിപ്പിക്കുന്നതിനും വരുമാന ചോർച്ച തടയുന്നതിനുമായി മ
പരിശോധന നടത്തി തറവിസ്തീർണ്ണത്തിൽ മാറ്റം വരുത്ത
അതിനാനുപാതികമായ നികുതി പരിഷ്ക്കരണം നിയമാനുസൃത
നടപ്പിലാക്കുന്നത് സംബന്ധിച്ചും നിയമാനുസൃതമല്ലാതെ നിർമ്മിക്ക
നമ്പർ നൽകി ഈ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതു വരെ മൂന്നിരട്ടി
സംബന്ധിച്ചും, പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വാണിജ്യ വ്യാപ
ലൈസൻസ് പരിധിയിൽ കൊണ്ട് വരുന്നത് സംബന്ധിച്ച്, ട്രേഡേഴ്സ് ല
സംബന്ധിച്ച്, വേക്കൻസി റെമിഷൻ, പൊളിച്ചുകളയുന്ന കെ
ഒഴിവാക്കൽ, സെക്രട്ടറിയുടെയും മറ്റു സ്ഥാപനങ്ങളുടെയും പദ്ധതി
അംഗീകാരം, ബജറ്റ് അംഗീകാരം നൽകുന്നത് എന്നിവയാണ് പ്രധാ
ചെയ്തിട്ടുള്ളത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 09.05.2022, 20.05.202
തീയതികളിൽ തനത്വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ കൊ
നടത്തിയിട്ടുള്ളത്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

• വിഭവസമാഹരണത്തിന്റെ വിവിധ ഭാഗങ്ങൾ, തലങ്ങൾ, പ്രവർത്തന
ഉദ്യോഗസ്ഥർ നിർവ്വഹിക്കേണ്ട കടമകൾ നിർവ്വഹിക്കുന്നുണ്ടോ എന്നു

• വിഭവസമാഹരണത്തിലെ ചോർച്ച ഒഴിവാക്കാനുള്ള ഫലപ്രദമായ നി

• കെട്ടിടങ്ങളുടേയും ഭൂമികളുടേയും സമ്പൂർണ്ണ ലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ്,
എന്നിവ തയ്യാറാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

നിലവിൽ ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക/പാരിസ്ഥിതിക
വരവുകൾ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ഭ
പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് വരവുകൾ ലഭ്യമാക്ക
ആവിഷ്ക്കരിക്കേണ്ടതും ആയത് പ്രകാരം തനത്വരുമാനം വ
മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും ഭരണസ
നൽകേണ്ടതുമാണ്.

1-10 തൊഴിൽ നികുതി അപാകതകൾ

മൂടാടി പഞ്ചായത്തിന്റെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട
രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേ

1. ടി കോകോ, മുചുകുന്ന് എന്ന സ്ഥാപനത്തിന്റെ റിട്ടേ
സ്ഥാപനത്തിലെ പല ജീവനക്കാരുടെയും ആദ്യ അർദ്ധവാർഷിക
കുറവായാണ് രണ്ടാം അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്ത
നികുതി ഇളവ് ലഭിക്കുന്നതിനായി തെറ്റായി വരുമാനം
ചെയ്തിട്ടുള്ളതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വിശദവിവരം താഴെ ചേർ

ക്രമനം	ജീവനക്കാരന്റെ പേര്/ ഉദ്യോഗപ്പേര്	ആദ്യ അർദ്ധവാർഷിക വരുമാനം	ഈടാക്കിയ തൊഴിൽ നികുതി	ആദ്യ അർദ്ധ വാർഷ വരുമാ
1	ശ്രീമതി.ഷിഞ്ചു, വർക്കർ	56950	450	38250
2	ശ്രീ.ഷമീർ, വർക്കർ	59750	450	41750
3	ശ്രീമതി. പ്രതിഭ, വർക്കർ	30150	300	26900
4	ശ്രീമതി. നീത, വർക്കർ	54950	450	38000
5	ശ്രീമതി. ഷീബ, വർക്കർ	53750	450	33200
6	ശ്രീമതി. പ്രമീള, വർക്കർ	50525	450	34000
7	ശ്രീമതി. സുധ,	47825	450	32550

	വർക്കർ			
8	ശ്രീമതി. അനുഷ, വർക്കർ	51907	450	36253
9	ശ്രീമതി. ഷെർബിന,വർക്കർ	42865	300	28690
10	ശ്രീമതി. ശ്രീജില,വർക്കർ	56004	450	38368
11	ശ്രീമതി. ബീന,വർക്കർ	49925	450	30800
12	ശ്രീമതി. രാജി, വർക്കർ	49175	450	30975
13	ശ്രീമതി. രമ്യ, വർക്കർ	46375	450	30450
	ആകെ		5550	

മേൽ ജീവനക്കാർ ആദ്യ അർദ്ധവാർഷിക വരുമാനത്തേക്കാൾ 1
രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്.

തൊഴിൽ വകുപ്പ് ഓരോ തൊഴിലിനും ബാധകമായിട്ടുള്ള മിനി
ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പ
വസ്തുനിഷ്ഠമായാണ് രേഖപ്പെടുത്തുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഉ
ഇളവ് ലഭിക്കുന്നതിനായാണ് വേതനം കുറച്ച് കാണിക്കുന്നതെങ്കിൽ
നടപടി സ്വീകരിക്കേണ്ടതാണ് അല്ലാത്തപക്ഷം തൊഴിലാളികളെ ചൂഷ
സ്ഥാപനങ്ങളുടെ വിവരം ലേബർ വകുപ്പിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ലൈ
സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

**3. മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ മുഴുവൻ ക
തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേ
(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം ഓ
തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ട
വിധേയനാകുന്നതാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷം ഗ്രാമ
മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന
തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ക
നിന്ന് മാത്രമാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ള

ക്രമനം	കരാറുകാരന്റെ പേര്
1	രതീഷ്. പി
2	രാഹുൽ. സി.എം
3	മമ്മു. സി
4	വിപിൻ. പി
5	നൗഷാദ്. കെ.കെ
6	നിർജാസ്. പി **<u>കുറിപ്പ്:</u>** ഇദ്ദേഹത്തിൽ നിന്നും രണ്ടാം അർദ്ധ വാർഷിക തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഇദ്ദേഹം 2022-23 സാമ്പത്തിക വർഷം 14 പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. 02.12.2022 ൽ കരാർ ഏറ്റടുത്ത് 01.06.2023 ന് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. അഥവ ആദ്യ അർദ്ധവർഷത്തിൽ തന്നെ നികുതി അടവാക്കാൻ ബാധ്യസ്ഥനായിരിക്കെ ആയത് അടവാക്കിയിട്ടില്ല. (മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലും 2021-22 വർഷത്തെ 2nd Half തൊഴിൽനികുതി ഇദ്ദേഹത്തിൽ നിന്ന് ഈടാക്കിയിട്ടില്ലെന്ന് പരാമർശിച്ചിട്ടുണ്ട്)

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ അപാകത ചൂണ്ടിക്കാണിച്ച ആവർത്തിക്കുന്നത് ശരിയായ നടപടിയല്ല.

4. റേഷൻ കടകളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന റേഷ തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. റേഷൻ കടകളിലെ

തിട്ടപ്പെടുത്തി വിവരം തൊഴിൽനികുതി രജിസ്റ്ററിൽ രേഖപ്പെടുത്തി
ടിയാളുകളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.
കമ്മീഷണറുടെ 22.08.2019 ലെ No. (CS)എ 9-764/2009 നമ്പർ ഉത്തരവ്). പ
പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ
പഞ്ചായത്ത് കൈക്കൊണ്ട നടപടികൾ അറിയിക്കേണ്ടതാണ്.

1-11 വിസ്തീർണ്ണത്തിനനുസൃതമായി വസതുനികുതി ഈടാക

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനി
ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക
കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർ
നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള
വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വ
കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 40 രൂപ നിരക്കിലും 100 ചതുര
തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതു
നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമ്മാണം പൂർത്തിയായതും തറ വിസ്തീർണ്ണം (Plinth
നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച.മീ യിൽ കൂ
കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വ
കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നിക
ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം
ഉദാഹരണം താഴെ ചേർക്കുന്നു.

വാർഡ് നമ്പർ	12

കെട്ടിട നമ്പർ	288 A
കെട്ടിടയുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം)	ജമീല, കരുവാങ്കി, വെള്ളറക്കാട്, മൂടാടി-673307
നികുതി പ്രാബല്യത്തിൽ വന്ന വർഷം	2016 രണ്ടാം അർ വാർഷികം

തറ വിസ്തീർണം: 139.15 ച.മീ
കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: പ്രഥമം
വഴി: 5 മീറ്ററിൽ കൂടുതൽ

ബാധകമാക്കിയ നികുതി നിരക്ക് **40 രൂപ** ഈടാക്കുന്ന നികുതി (ഇളവുകളും വർദ്ധനവും അടക്കം)	ബാധകമാക്കേണ്ട നികുതി നിരക്ക്**60രൂപ** ഈടാക്കേണ്ട നികുതി (ഇളവുകളും വർദ്ധനവും അടക്കം)	ന
139.15 X 40 = 5566 5566 + 1114 = 6680 6680 + 334 = 7014/- {അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%} + ലൈബ്രറി സെസ് 5%	139.15 X 60 = 8349 8349 + 1670 = 10019 10019 + 501 = 10520/- {അടിസ്ഥാന നികുതി+വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5%	**202** **105** **701** **350** **(33** **BT** **LC** **202** **105** **701** **350**

		(33 BT LC
ആകെ		**701 രൂ**

ഓഡിറ്റ് വർഷം വരെയുള്ള നഷ്ടമാണ് മുകളിലെ പട്ടികക തുടർന്നുള്ള വർഷത്തിലും ഇത്തരത്തിൽ തന്നെയാണ് നികുത വസ്തുനികുതിയിനത്തിലുള്ള നഷ്ടം കെട്ടിടയുടമയിൽ നിന്ന് ഈടാക്കി

1-12 വസ്തു നികുതി - എം.എസ്.എം.ഇ കളുടെ കൃത്യത ഉറപ്പാ

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം പഞ്ചായത്ത് പരിധിയിൽ 10 എം. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	വാർഡ് നമ്പർ/ കെട്ടിട നമ്പർ	കെട്ടിടത്തിന്റെ ഉടമസ്ഥന്റെ പേര്/ മേൽ വിലാസം	MSME കാറ്റഗറിയിൽ ഉൾപ്പെട്ടു ത്ത നികുതി ഈടാ തുടങ്ങിയത്
1	7/218 A	ഗ്രീഷ്മ എ, വട്ടേരി താഴത്ത്, എടക്കാട	2021 ആദ്യ അ വാർഷികം
2	7/218 B	ഹാഷിം മുതൽ പേർ, ലെജൻഡ്സ് യുണൈറ്റഡ്, ചെറേക്കാട്, എരഞ്ഞിപ്പാലം	2013 ആദ്യ അ വാർഷികം
3	7/218 C	എൻ.കെ. ഇസ്മയിൽ, നൊട്ടിക്കണ്ടി, നടേരി, കൊയിലാണ്ടി	2014 രണ്ടാം അ വാർഷികം
4	7/218 D	മനോജ് കുമാർ. എ.കെ, അരുകുണ്ടത്തിൽ ഹൗസ്, എലത്തൂർ, കോഴിക്കോട്	2014 രണ്ടാം അ വാർഷികം
5	7/218 E	അഖിൽ.എസ് കവാസി, സൂര്യ മൻസിൽ, 12/30, സൗത്ത് ബീച്ച് റോഡ്, കാലിക്കറ്റ്	2014 രണ്ടാം അ വാർഷികം
6	7/218 F	പ്രസന്നൻ, ദേവി നിവാസ്, വളപട്ടണം, കണ്ണൂർ	2018 ആദ്യ അ വാർഷികം

7	7/218 G	നസരി നിഷാജ്, കുന്നുമ്മൽ, കരുവിശ്ശേരി	2017 ആദ്യ അ വാർഷികം
8	7/218 H	ഷാജു. വി.കെ, ലാലു എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ്, വട്ടൻകണ്ടി, കൊയിലാണ്ടി, കോതമംഗലം	2017 ആദ്യ അ വാർഷികം
9	7/218 I	വരുൺ. പി.വി, ചൈതന്യ, ചോറോട് , വടകര	2017 ആദ്യ അ വാർഷികം
10	7/218 J	വരുൺ. പി.വി, ചൈതന്യ, ചോറോട് , വടകര	2017 ആദ്യ അ വാർഷികം

എസ്.ആർ.ഒ.നം.100/2015 (സ.ഉ (അ)നം.36/2015/തസ്വഭവ തിയ എം.എസ്.എം.ഇ വിഭാഗത്തിലെ കെട്ടിടങ്ങൾക്കുള്ള കൂടിയ വസ്തുനികുതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ വിജ്ഞാപന പ്രകാരം പ്ര അടിസ്ഥാന നികുതിയായി നിരക്കു നിശ്ചയിച്ച് സഞ്ചയയിൽ (13.01.2023ലെ 5/1 ഭരണസമിതി തീരുമാനം). മേൽ കെട്ടിടങ്ങളുടെ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഉദ്യം രജിസ്ട്രേഷൻ - പ്രധാന നിബന്ധനകൾ

കേന്ദ്ര എം.എസ്.എം.ഇ മന്ത്രാലയത്തിന്റെ 26-06-2020 ലെ S.O. 2119 (E) ഖ. 6, 7 എന്നിവയിൽ രജിസ്ട്രേഷനുള്ള നിബന്ധനകൾ വി നിബന്ധനകൾ ചുവടെ ചേർക്കുന്നു.

• ഒരു സ്ഥാപനത്തിന് ഒന്നിൽ കൂടുതൽ ഉദ്യം രജിസ്ട്രേഷൻ അനുവദ

• ഉദ്യോഗ് ആധാർ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള നിലവിലുള്ള സ അതിനു ശേഷമോ ഉദ്യം രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാ

30-06-2020 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സ്ഥാപനങ്ങളും പുതി പുനർ വർഗ്ഗീകരിക്കേണ്ടതാണ്.

MSME Development Act, 2006 പ്രകാരം MSME മന്ത്രാലയത്തിൽ സ്ഥാപനങ്ങളെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്. മേൽ പറ Development Act, 2006 പ്രകാരം രജിസ്റ്റർ ചെയ്തതിന്റെ വിശദാംശം ലഭ്യമാ

വ്യവസായ സ്ഥാപനങ്ങളുടെ കൃത്യത ഉറപ്പാക്കുന്നതിനായ സർട്ടിഫിക്കറ്റ് പരിശോധിച്ച് യഥാർത്ഥ എം.എസ്.എം.ഇ അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ചട്ടപ്രകാര

വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ മറ്റു വ്യവസായ സ്ഥാപനങ്ങ ഉൾപ്പെടുന്നുണ്ടെങ്കിൽ ബാധകമായ നിരക്കിൽ വസ്തുനികുതി പുനർ തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

1-13 രസീതി പിരിവിലെ അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കു മൺചട്ടിയിൽ (വനിത) (പ്രോജക്ട് നമ്പർ 121/23), ഞങ്ങ (കൃഷികൂട്ടങ്ങൾക്കുള്ള വിത്തും വളവും വിതരണം) (പ്രോജക്ട് പദ്ധതികളുടെ നടത്തിപ്പിനായി മാനവൽ രശീതികൾ ഉപയോഗിച്ച് ശ പിരിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ രസീത് സ്റ്റോക്ക് രജിസ്റ്റ മുതൽ 15500 വരെ രസീത് ബുക്കുകൾ കൃഷി ഓഫീസർക്ക് അനുവദ മാനവൽ രശീതികൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത ചുവ

രസീത് ബുക്ക് നമ്പർ 15497 ലെ രസീത് നമ്പർ 93 പരിശോധിച്ച കാർബൺ ഉപയോഗിച്ച് വിവരങ്ങൾ രേഖപ്പെടുത്തിയതിൽ തിയ്യത പതിഞ്ഞിട്ടില്ല. ഇതിൽ നിന്ന് തീയതി പിന്നീട് എഴുതി ചേർത്തിട്ടുള്ള കൂടാതെ 15496, 15497, 15498 എന്നീ രസീത് ബുക്കുകൾ ഉപയോഗ പഞ്ചായത്തിൽ അടവാക്കിയിരിക്കുന്നത് യഥാക്രമം 27.01.2023, തീയതികളിലാണ്. ഒരു രസീത് ബുക്ക് ഒരു തീയതിയിൽ തന്നെ പൂർത തീയതിയിൽ പണം അടവാക്കുകയും ചെയ്യുന്നതിലെ (മുകളിൽ സ ബുക്കുകളും) അസ്വാഭാവികത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കൈകാര്യം ചെയ്ത ഉദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെട്ടതി പൂർത്തിയാവുന്ന മുറയ്ക്കാണ് (അഥവാ 100 പേരിൽ നിന്ന് ശ ലഭ്യമാകുന്ന മുറയ്ക്ക്/ 100 രസീതികൾ പൂർത്തിയാകുന്ന മുറയ്ക് ഫണ്ടിൽ അടവാക്കുന്നത് എന്നാണ് അറിയാൻ സാധിച്ചത്. കേ അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 16, കേരള ഫിനാൻഷ്യൽ കോഡ് വാ എന്നിവ പ്രകാരം കൈപ്പറ്റുന്ന തുക തൊട്ടടുത്ത പ്രവൃത്തി ദിവസം അടവാക്കേണ്ടതാണ്. പഞ്ചായത്ത് ഫണ്ടിന് ലഭിക്കേണ്ട തുകകൾ ട ചെയ്യുന്നത് ഗുരുതര വീഴ്ചയാണെന്ന് ധരിപ്പിച്ചതിൽ അറിവില്ലായ്മ കാരണമായിട്ടുള്ളതെന്നും മേലിൽ അപാകത ആവർത്തിക്കില്ലെ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

1-14 വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കണ്ടിൻജന്റ് ചെലവുകൾ, പ്രീ മൺ
നിർവ്വഹിക്കുന്നതിനായി അനുവദിക്കുന്ന മുൻകൂറുകൾ സ്ഥാപന
വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ക്രമ
സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കു

ക്രമനം	വൗച്ചർ നം, തിയ്യതി	കൈപ്പറ്റിയ ഉദ്യോഗസ്ഥൻ	അനുവദിച്ച തുക	ചെലവിന്റെ സ്വഭാവം	31.03.2023 വരെ ക്രമീകരിച്ച തുക
1	42000017, 07.10.2020	വെറ്ററനറി സർജൻ, മെഡിക്കൽ ഓഫീസർ GHD, FHC	161507	കണ്ടിൻജന്റ് ചെലവുകൾ	89508
2	42000068, 24.10.2020	അസിസ്റ്റന്റ് എഞ്ചിനീയർ	10191	കണ്ടിൻജന്റ് ചെലവുകൾ	0
3	വൗച്ചർ നമ്പർ ലഭ്യമല്ല 25.09.21	അസിസ്റ്റന്റ് എഞ്ചിനീയർ	831	കണ്ടിൻജന്റ് ചെലവുകൾ	0
4	വൗച്ചർ നമ്പ ർ ലഭ്യമല്ല 15.11.21	വെറ്ററിനറി സർജൻ	50000	കണ്ടിൻജന്റ് ചെലവുകൾ	50000
5	22200195, 02.07.2022	മെഡിക്കൽ ഓഫീസർ FHC	180000	മഴക്കാല പൂർവ്വ ശുചീകരണം	180000

6	22200222, 06.07.2022	മെഡിക്കൽ ഓഫീസർ FHC	100000	കണ്ടിൻജന്റ് ചെലവുകൾ	100000

<u>അപാകതകൾ</u>

1. കണ്ടിൻജന്റ് ചെലവുകൾ അനുവദിക്കുന്നത് അതത് സാമ്പത്തിക എന്നാൽ വൗച്ചർ 42000017 തി. 07.10.2020 പ്രകാരം അനുവദിച്ച തുക തിയ്യതിയിലാണ്. വൗച്ചർ നമ്പർ 42000068, തി. 24.10.2020 പ്രകാരം ക്രമീകരിച്ച തിയ്യതി ലഭ്യമാക്കിയിട്ടില്ല. കാലതാമസ വ്യക്തമാക്കേണ്ടതും പലിശ ഈടാക്കിയിട്ടുണ്ടെങ്കിൽ അറിയിക്കേണ
2. ക്രമ നമ്പർ 4 മുതൽ 6 വരെയുള്ള ചെലവുകൾ ചെലവ് പരിശോധിക്കാതെ സ്ഥാപന മേധാവി ലഭ്യമാക്കിയ വിനിയോഗ അടിസ്ഥാനത്തിലാണ് ക്രമപ്പെടുത്തിയത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ വിശദീകരിക്കേണ്ടതും ചെല ലഭ്യമാക്കേണ്ടതുമാണ്.

1-15 യാത്രാ ബത്ത- കാലഹരണപ്പെട്ട ക്ലെയിമുകൾ അനുവദി

17.10.2022 ലെ 22200442 നമ്പർ വൗച്ചർ പ്രകാരം 49728 രൂപ ജീവനക്കാർ അനുവദിച്ചിട്ടുണ്ട്. ആയതിൽ 10690/- രൂപ 2020 ഏപ്രിൽ മുതൽ കാലയളവിലേതാണ് അനുവദിച്ചിട്ടുള്ളത്. ഫയൽ പരിശോധിച്ചത് കാലപരിധി പിന്നിട്ട ശേഷമാണ് പ്രസ്തുത ക്ലെയിമുകൾ അനുവദിച്ചതെ കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 53 B(6), 56 B(Ii) എന്നിവ വിരുദ്ധമായി കാലഹരണപ്പെട്ട ക്ലെയിമുകൾ അനുവദിച്ചത ലഭ്യമാക്കേണ്ടതാണ്.

1-16 മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ - അവലോകന

